സംസ്ഥാന ചലച്ചിത്ര അവാർഡ് വിവാദം

5 (*683) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ വർഷത്തെ സംസ്ഥാന ചലച്ചിത്ര അവാർഡ് പ്രഖ്യാപനത്തിന് മുമ്പായി അവാർഡുകളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവാർഡു കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ചലച്ചിത്ര അവാർഡ് നിർണ്ണയങ്ങളെക്കുറിച്ച് ഉയർന്നുവരുന്ന ആക്ഷേപങ്ങൾ മുൻനിർത്തി അവാർഡ് നിർണ്ണയം കുറ്റമറ്റതാക്കാൻ നടപടി കൈക്കൊള്ളുമോ ;

ഫിഷറീസും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.ടി.കെ. രാമകൃഷ്ണൻ) : സർ,

(എ) ഇല്ല.

(ബി) ശ്രീമതി സായ്പരഞ്ജപൈ (ചിൽഡ്രൻസ് ഫിലിം സൊസൈറ്റീസ് ഓഫ് ഇൻഡ്യ-ചെയർപേഴ്സൺ) ആയിരുന്നു അവാർഡ് കമ്മിറ്റിയുടെ അദ്ധ്യക്ഷ. സർവ്വശ്രീ കെ. എസ്. സേതുമാധവൻ, ലെനിൻ രാജേന്ദ്രൻ, ചിദംബരനാഥ്, എസ്. കൊന്നനാട്, പ്രൊഫ. ഫരീദ് ഖാസ്മി (അലഹബാദ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറും സിനിമയുടെ സൗന്ദര്യ ശാസ്ത്രത്തിൽ അവഗാഹവുമുള്ള പ്രസിദ്ധ ചലച്ചിത്ര നിരൂപകൻ) എന്നിവരായിരുന്നു അംഗങ്ങൾ. ശ്രീ. എം. മുകുന്ദൻ അംഗമായിരുന്നെങ്കിലും ഫ്രാൻസിൽ നിന്നുള്ള ഉന്നതല സാംസ്ക്കാരിക സംഘം അദ്ദേഹത്തിന്റെ ഓഫീസിൽ (ഫ്രഞ്ച് എംബസി) എത്തുന്നതു കൊണ്ട് വരാൻ കഴിയില്ലെന്ന് രേഖാമൂലം അറിയിച്ചു. സിനിമയെ സംബന്ധിച്ച പുസ്തകത്തിനും ലേഖനത്തിനുമുള്ള അവാർഡ് നിർണ്ണയക്കമ്മിറ്റി ചെയർമാൻ പ്രൊഫ. കെ. വി. തമ്പിയും അംഗങ്ങൾ ശ്രീ.എം.ജി. രാധാകൃഷ്ണൻ, ശ്രീ. ചെലവൂർ വേണു എന്നിവരുമായിരുന്നു. രണ്ടു കമ്മിറ്റിയിലേയും മെമ്പർ സെക്രട്ടറി ശ്രീ. ബി. രവീന്ദ്രൻ.

(സി) അവാർഡുകളെ സംബന്ധിച്ച ആക്ഷേപങ്ങൾ അവാർഡ് രേഖപ്പെടുത്തിയ വർഷം തന്നെ ആരംഭിച്ചതാണ്. ആക്ഷേപങ്ങൾ ഒഴിവാക്കി അവാർഡ് നിർണ്ണയം കുറ്റമറ്റതാക്കിത്തീർക്കാനാണ് ചലച്ചിത്രകാരന്മാരെ ഉൾപ്പെടുത്തി സംസ്ഥാന ചലച്ചിത്ര അക്കാഡമി രൂപീകരിച്ചത്. അക്കാഡമി ജനറൽ കൗൺസിൽ നിയോഗിക്കുന്ന സബ്കമ്മിറ്റി രൂപം കൊടുക്കുന്ന ഒരു പാനലിൽ നിന്നാണ് ജഡ്ജിംഗ് കമ്മിറ്റിയെ രൂപീകരിക്കുന്നത്. ജഡ്ജിംഗ് കമ്മിറ്റി രൂപീകരിക്കപ്പെട്ടു കഴിഞ്ഞാൽ അവാർഡ് നിർണ്ണയം ചട്ടങ്ങളുടെ അടിസ്ഥാനത്തിലും കമ്മിറ്റി അംഗങ്ങളുടെ അറിവിന്റേയും പരിചയത്തിന്റേയും വെളിച്ചത്തിലുമാണ് നിർണ്ണയിക്കുന്നത്. ഏറ്റവും മികച്ച അവാർഡ് കമ്മിറ്റികളെ രൂപീകരിക്കാനാണ് ചലച്ചിത്ര അക്കാഡമി ശ്രദ്ധിക്കുന്നത്. അവാർഡ് ജഡ്ജിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയാണ്. സർക്കാരല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി : സർ, ചലച്ചിത്ര അവാർഡിന് തിരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റിയിൽ പൊതുവേ രാഷ്ട്രീയം കാണരുത്. കാരണം രാഷ്ട്രീയം കണ്ടാൽ അത് പിന്നെ കലയ്ക്കെതിരായി പ്രവർത്തിക്കുന്നതുപോലെ ആകും. ചലച്ചിത്ര അവാർഡ് നിർണ്ണയകമ്മിറ്റിയിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശം അനുസരിച്ചാണ് ആൾക്കാരെ തെരഞ്ഞെടുക്കുന്നത് എന്നുള്ള ആരോപണം പൊതുവേ ഉണ്ട്. അത് ഇപ്പോൾ ഈ സഭയിൽ അംഗമായ ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ് തന്നെ ഉന്നയിച്ചതാണ്. അദ്ദേഹം നല്ല സംവിധായകനാണല്ലോ. അത്തരം അപാകത ഉള്ളതുകൊണ്ട് ഈ അപാകത എവിടെ നിന്നും ഉണ്ടായി എന്നുള്ളത് പരിശോധിക്കാനും അത് തിരുത്തുവാനും പരിഹരിക്കാനും ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഞാൻ ഇവിടെ വായിച്ച മെമ്പർമാരും അതിന് മുൻപുള്ള അവാർഡ് കമ്മിറ്റിയിൽ മെമ്പർ ആക്കപ്പെട്ടവരും ഒന്നും ആ രംഗത്തെ കാര്യങ്ങളെപ്പറ്റി അറിവില്ലാത്തവരല്ല. ഒരോ കമ്മിറ്റിയും രൂപീകരിക്കുന്നത് ബന്ധപ്പെട്ട കമ്മിറ്റിയിൽ കാര്യങ്ങൾ വളരെ വിദഗ്ദ്ധമായും കാര്യക്ഷമമായും കൊണ്ടുപോകാൻ പറ്റുന്ന ആളുകളെ ആണ്. ഈ കമ്മിറ്റി നോക്കിയാലും അതുപോലുള്ള ആളുകളാണ്. അതുകൊണ്ട് ഇവിടെയുള്ള ആളുകൾ മാത്രമല്ല മറ്റു സംസ്ഥാനത്ത് നിന്നുമുള്ള ആളുകളേയും ഇതിൽ നിശ്ചയിച്ചിട്ടുണ്ട്. അപ്പോൾ അതുകൊണ്ടല്ല, അവരുടെ ഇംഗിതത്തിനുസരിച്ചും, അവരുടെ അനുഭവ സമ്പത്ത് വെച്ചുകൊണ്ടും അവർ തീരുമാനം എടുക്കുകയാണ്. അതിൽ തെറ്റുണ്ടാകാം ; ശരിയും ഉണ്ടാകും. പക്ഷേ അതൊന്നും ഗവൺമെന്റിന്റെ പരിധിയിൽ പെടുന്നകാര്യമല്ല. മന്ത്രിയുടെ ഓഫീസിൽ നിന്നും ആരും ഇതിലൊക്കെ ഇടപെടാറുമില്ല. ഇടപെടാൻ സമ്മതിക്കുകയുമില്ല.

ശ്രീ. എ. കെ. മണി : സർ, എന്റെ പേരുകാരനാണ്, എനിയ്ക്ക് വളരെ താൽപര്യമുണ്ട്. അദ്ദേഹം ഒരു ഷെഡ്യൂൾഡ്കാസ്റ്റുകാരനായതുകൊണ്ടാണ് അദ്ദേഹത്തെ ഈ അവാർഡ് കമ്മിറ്റിയിൽ നിന്നും മാറ്റിനിറുത്തിയതെന്ന് പൊതുവെ സംസ്ഥാനമൊട്ടാകെ സംസാരമായിരിക്കുകയാണ്. ഇങ്ങനെയുള്ള ആൾക്കാർ ഇപ്പോൾ വളരെ കുറവായിരിക്കും. ആദിവാസി അതുപോലെതന്നെ ഷെഡ്യൂൾഡ്കാസ്റ്റിൽപ്പെട്ട ആൾക്കാർ ഈ രംഗത്ത് കടന്ന് വരുമ്പോൾ അവരെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ നിന്നും പിന്നോട്ട് പോകുന്ന ഈ സമ്പ്രദായം ഗവൺമെന്റ് തിരുത്തണം. അന്തർദേശീയ തലത്തിൽ നമ്മുടെ സിനിമകളെല്ലാം മറ്റു രാജ്യങ്ങളിലൊക്കെ പോയി അവാർഡൊക്കെ നേടികൊണ്ട് വരുന്നുണ്ട്. അതുപോലെ തന്നെ സംസ്ഥാന അവാർഡ് പ്രഖ്യാപിക്കുമ്പോൾ അന്തർദേശീയ രീതിയിൽ ഇതിന്റെ അംഗങ്ങളെ കൂടി തെരഞ്ഞെടുക്കുകയും കമ്മിറ്റിയിൽ ഉൾപ്പെടുത്തികൊണ്ട് ഇതുപോലെ നല്ല ആൾക്കാരെ തിരഞ്ഞെടുക്കാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഈ അംഗങ്ങളാരും ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ പറ്റാത്തവരല്ല. ആ കാര്യം നേരത്തെ തന്നെ പറഞ്ഞു. മെമ്പർ പറഞ്ഞ രീതിയിലുള്ള പരിഗണന ഇല്ല. വിദഗ്ദ്ധൻമാരെ നോക്കിയാണ് മുഖ്യമായും അവാർഡ് കൊടുക്കുന്നത്. എല്ലാ കാര്യത്തിലും ഇങ്ങനെ ഇത് കൊണ്ടുവരുന്നതും ശരിയാണോ എന്ന് ആലോചിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ചോദിക്കുന്നത്. സിനിമയും അവാർഡ് വിവാദവുമായി ബന്ധപ്പെട്ടതല്ല, എന്നാൽ സാംസ്ക്കാരിക, കലാസംസ്ക്കാരിക മേഖലയുമായി ബന്ധപ്പെട്ടതാണ്. ദൂരദർശൻ അതിന്റെ ഏഴ് മുതൽ എട്ടരവരെയുള്ള പ്രൈം ടൈമിൽ ഭൂതലചാനലിൽ അരമണിക്കൂർ നമ്മുടെ സിനിമ ഉൾപ്പെടെ മലയാളം പരിപാടികൾ വെട്ടിക്കുറച്ചിട്ടുണ്ട്. പ്രാദേശിക പരിപാടികളിൽ, ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിച്ച് കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഇത് തീർച്ചയായും ഗവൺമെന്റ് കാര്യമായി ഗൗരവപൂർവ്വം പരിഗണിച്ച്, അത് മാറ്റുന്നതിന് ആവശ്യമായിട്ടുള്ള നടപടികളെടുക്കുന്നതാണ്. നമ്മൾ നടപടി എടുത്താൽ സ്വീകരിക്കുമോ ഇല്ലയോ എന്നുള്ള കാര്യം വേറെ, എന്നാലും ഗവൺമെന്റ് ഇക്കാര്യം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : ഇവിടെ അവാർഡ് വിവാദത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അവാർഡിന് ഗവൺമെന്റ് നിശ്ചയിച്ച കമ്മിറ്റിയിലെ അംഗങ്ങൾ തന്നെ നേരത്തെ അവാർഡ് തീരുമാനിക്കപ്പെടുന്ന വിവരം ചോർത്തിക്കൊടുക്കുന്നതുകൊണ്ടാണ് പലപ്പോഴും അവാർഡ് വിവാദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ പ്രാവശ്യവും ഇതു തന്നെയാണ് നടന്നത്. ശ്രീ. കലാഭവൻ മണിയുടെ പ്രസ്താവന വായിച്ചാൽ മനസ്സിലാകും. തലേ ദിവസം അവാർഡ് കമ്മിറ്റിയിലെ ഒരു അംഗം തന്നെ വിളിച്ച് താങ്കൾക്കാണ് അവാർഡ് എന്ന് പറയുകയുണ്ടായി. ഇത്തരം ചോർത്തിക്കൊടുക്കുന്ന സ്വഭാവമൊക്കെയുള്ള ആളുകളെ അവാർഡ് കമ്മിറ്റിയിൽ വയ്ക്കുന്നതാണ് അതിന് അപവാദം. ഇത് കൂറ്റമറ്റതായി മാറ്റാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ :സർ, അങ്ങനെയൊരു വിവരം പത്രത്തിൽ കണ്ടു. തലേദിവസം ആരോ വിളിച്ച് സംസാരിച്ചുവെന്നുള്ളത്. ആരോ വിളിച്ച് സംസാരിച്ചുവെന്ന് പറഞ്ഞാൽ എന്നെകൂടി ഉദ്ദേശിച്ചാണോ എന്ന് കരുതി ഞാൻ അന്വേഷിച്ചു. ആരാണ് സംസാരിച്ചതെന്നൊന്നും നിശ്ചയമില്ല. ഒന്നാമത് അവാർഡ് പ്രഖ്യാപിക്കുന്നതിനു മുൻപ് ഈ സിനിമയെല്ലാം കണ്ടു കഴിഞ്ഞ ശേഷം പിറ്റേ ദിവസം തന്നെ അവാർഡ് നിശ്ചയിക്കുക. ഇല്ലെങ്കിൽ ചോർന്നു പോകും എന്നുള്ളതുകൊണ്ടാണ്. അപ്പോൾ ഞാൻ ഡൽഹിയിലായിരുന്നു. ഡൽഹിയിൽ നിന്നും ഞാൻ വന്നതിനുശേഷമാണ് അവാർഡ് പ്രഖ്യാപിക്കാനുള്ള കടലാസ് എന്റെ കൈയ്യിൽ കിട്ടുന്നത്. മിക്കവാറും പത്രക്കാർ എല്ലാം വന്നിരിക്കുന്ന സമയത്താണ് അത് കിട്ടുന്നത്. പക്ഷേ മറ്റുള്ള ആളുകളിൽ നിന്ന് പോയി എന്നുള്ളത് കേട്ടറിവാണ്. കേട്ടറിവ് വച്ചുകൊണ്ട് നമുക്ക് ഒരു തീരുമാനം എടുക്കാൻ പറ്റുകയില്ല.

ശ്രീ. ജി. കാർത്തികേയൻ : അവാർഡ് കമ്മിറ്റിയുടെ ചെയർപെഴ്സൺ ശ്രീമതി സയ്പരഞ്ജപൈ, കെ. എസ്. സേതുമാധവൻ, ശ്രീ. ലെനിൻ രാജേന്ദ്രൻ, ശ്രീ. ചിദംബരനാഥ്, ശ്രീ. എസ്. കൊന്നനാട്, പ്രൊഫ. ഹരിദ് ഖാസ്മി എന്നിവരെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. അവർ വളരെ ഔട്ട്സ്റ്റാന്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ആയ ആളുകൾ തന്നെയാണ്. ഞാൻ സമ്മതിക്കുന്നു. അവാർഡ് കൊടുക്കുന്നതിൽ ആക്ഷേപങ്ങൾ വരും. എനിക്ക് അവാർഡിന് അർഹമെന്നു തോന്നുന്നത് അങ്ങേയ്ക്ക് തോന്നുന്നില്ല. ഓരോരുത്തർക്കും അതിനകത്ത് അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഉണ്ടായി എന്ന് വരും. എന്റെ സംശയം, ഇതിനകത്ത് അവാർഡ് കമ്മിറ്റിയിലെ ചില അംഗങ്ങൾ തന്നെ ഇതിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അന്ധന്റെ റോൾ അഭിനയിക്കുകയുണ്ടായി. ആ സംവിധായകൻ പടം സംവിധാനം ചെയ്തപ്പോൾ ഒരു കറുത്ത കൂളിംഗ് ഗ്ലാസ് എടുത്ത് കണ്ണിൽ ഫിറ്റ് ചെയ്ത് അഭിനയിക്കുമായിരുന്നു. അത് അദ്ദേഹത്തിന്റെ പഴയ സിനിമകൾ. അദ്ദേഹം അത് മനസ്സിൽ വച്ചുകൊണ്ട് അഭിപ്രായം പറയുന്നത് ശരിയല്ല. എന്റെ പ്രധാനപ്പെട്ട ചോദ്യം, ശ്രീമതി സായപരഞ്ജ്പൈക്ക് മലയാളം അറിയില്ല. അവരുടെ കഴിവിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അവാർഡ് കിട്ടിയ സിനിമയ്ക്കൊന്നും മലയാളം സബ് ടൈറ്റിൽ കൊടുത്തിരുന്നില്ല. മലയാളം സബ് ടൈറ്റിൽ കൊടുക്കാതെ ശ്രീമതി സായ്പരഞ്ജ്പൈയുടെ നേതൃത്വത്തിലുള്ള അവാർഡ് കമ്മിറ്റിക്ക് ഈ ശ്രീമതിയെ ബ്രീഫ് ചെയ്യാതെ എങ്ങനെ മനസ്സിലാക്കാൻ കഴിയും? ജനപ്രീതിയും ജനപ്രിയവും എന്നു പറഞ്ഞാൽ ജനങ്ങൾക്ക് ഇഷ്ടമാകുന്നതും കൂടുതൽ ജനങ്ങൾ കാണുന്നതുമാണ്. കൂടുതൽ ആളുകൾ കാണാത്ത സിനിമയ്ക്ക് ഇവിടെ ജനപ്രീതി സിനിമയ്ക്കുള്ള അവാർഡ് കൊടുത്തു. ഞാൻ ഈ അവാർഡു കമ്മിറ്റിയെ ആക്ഷേപിക്കുന്നില്ല. പക്ഷേ മലയാളം അറിയാത്ത, മലയാളം കണ്ടാലും കേട്ടാലും അറിയാത്ത എന്നാൽ സിനിമാ രംഗത്തെ പ്രഗത്ഭയായ ശ്രീമതി സായ്പരഞ്ജ്പൈക്കും മലയാള സിനിമയുടെ സബ് ടൈറ്റിൽ കൊടുക്കാതെ അവാർഡ് നിർണ്ണയിക്കുമ്പോൾ അപാകതകൾ ഉണ്ടെന്ന് പറഞ്ഞാൽ അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ ; എന്തുകൊണ്ട് ഇത് സംഭവിച്ചു ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മറ്റു ഭാഷകളിലുള്ള ആളുകളും മലയാള ഭാഷയിലുള്ള സിനിമയെ അഭിനന്ദിക്കുന്നുണ്ട്. അഭിപ്രായം പറയുന്നുണ്ട്. ഭാഷാപരമായിട്ടുള്ള കാര്യങ്ങളെക്കാൾ കൂടുതൽ....അവർ മാത്രമല്ലല്ലോ കമ്മിറ്റിയിലുള്ളത്. കമ്മിറ്റിയിൽ മറ്റ് അംഗങ്ങളും ഉണ്ട്. ആ അംഗങ്ങളുമായിട്ട് ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് ഏകകണ്ഠമായാണ് അവർ ഈ അവാർഡ് പ്രഖ്യാപിച്ചത്.

ഒൻപതാം പഞ്ചവത്സരപദ്ധതിക്കാലത്ത് വിദ്യാഭ്യാസമേഖലയിൽ കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ

6 (*684) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെകാണുന്ന ചോദ്യങ്ങൾ വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യം ഇട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly